LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തെങ്ങു കൃഷി മുഖ്യമായിട്ടുള്ളതും ചേർന്നുകിടക്കുന്ന 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസനത്തിനായുള്ള സമഗ്ര പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളെയാണ് ഇതിനായി മുൻഗണന നൽകി തെരഞ്ഞെടുത്തു വരുന്നത്.

കർഷകർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

50 (1035) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കർഷകർക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കാർഷികാനുകൂല്യങ്ങൾ കർഷകന് ലഭ്യമാക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും വിശദമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം(എ)യിൽ ചേർത്തിരിക്കുന്നു.* കേന്ദ്ര സർക്കാർ അനുശാസിക്കുന്ന ദേശീയ സുസ്ഥിര കാർഷിക മിഷൻ മാർഗ്ഗരേഖയ്ക്ക് അനുസൃതമായാണ് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നത്. പദ്ധതികളിൽ എല്ലാംതന്നെ കൃഷി ഓഫീസർ സ്ഥലപരിശോധന നടത്തിയാവും ഗുണഭോക്താവിന്റെ അന്തിമമായ അർഹത നിശ്ചയിക്കുന്നത്. അപേക്ഷാ ഫോറത്തിന്റെ മാതൃക കൃഷി ഭവനിൽനിന്നും ലഭിക്കും. അപേക്ഷകൾ പൂർണമായും ഓൺലൈനായി കൃഷി വകുപ്പിന്റെ പോർട്ടലായ aims.kerala.gov.in-യിൽ സമർപ്പിക്കാൻ സജ്ജമാക്കുന്ന നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ?

സംസ്ഥാന സർക്കാർ കാർഷിക വികസന കർഷകക്ഷേമ വകുപ്പിലൂടെ കർഷകർക്ക് ആനുകൂല്യങ്ങൾ പ്രധാനമായും വിള പരിപാലനം എന്ന

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഘടകത്തിനാണ് നൽകുന്നത്. പ്രധാന വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, കവുങ്ങ്, സുഗന്ധവ്യഞ്ജന വിളകളായ ഇഞ്ചി, മഞ്ഞൾ, ജാതി, കുരുമുളക്, പ്രാദേശിക പ്രാധാന്യമുള്ള വിളകളായ എള്ള്, നിലക്കടല, കരിമ്പ് എന്നിവയ്ക്കാണ് സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നത്. മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത ഉയർത്തുന്നതിനുംവേണ്ടിയുള്ള ഘടകത്തിനും കർഷകർക്ക് സഹായം നൽകിവരുന്നു. കൃഷി വകുപ്പിന്റെ സംസ്ഥാനതല പദ്ധതികളും സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ വഴിയും കർഷർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധം(ബി)യിൽ ചേർത്തിരിക്കുന്നു.* മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നബാർഡ് ധനസഹായ ആർ.ഐ.ഡി.എഫ്. പദ്ധതി, ശ്രദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണ പദ്ധതി, മണ്ണിടിച്ചിൽ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി, ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവന പദ്ധതി, സൂക്ഷ്മ നീർത്തട വികസന പദ്ധതി എന്നിവയിലൂടെ 3,725 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതികളിലൂടെ കാർഷിക ഭൂമിയിലും കാർഷികേതര ഭൂമിയിലും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി കൃഷിക്കുള്ള അടിസ്ഥാന സൗകര്യ വികസനം, പാരിസ്ഥിതിക പുനരുജ്ജീവനം എന്നിവ ഉറപ്പാക്കുന്നു. കൃഷി ഭൂമിയിൽ വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ മണ്ണൊലിപ്പ് തടഞ്ഞ്, ഭൂഗർഭ ജലവിതാനം പരിപോഷിപ്പിച്ച്, മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തി കാർഷിക ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ച് കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു.

കർഷക ആത്മഹത്യകൾ

51 (1036) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഇടുക്കി ജില്ലയിൽ 12-ഉം വയനാട് ജില്ലയിൽ 10-ഉം കണ്ണൂർ ജില്ലയിൽ 2-ഉം കാസർഗോഡ്, എറണാകുളം ജില്ലകളിൽ ഒന്ന് വീതവും കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇതിൽ മൂന്ന് ആത്മഹത്യകൾ കർഷക ആത്മഹത്യയായി സ്ഥിരീകരിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.